e-mail: gssbsukc@yahoo.co.in
Phone: 0471-2192810
0471-2192846

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര,തിരുവനന്തപുരം-695 012

സർക്കുലർ നമ്പർ 38/23
തീയതി: 01.01.2023

പ്രിയ സഖാക്കളേ,

## 2023 കടന്നു വരികയാണ്.

ഓരോ പുതുവർഷവും ആരംഭിക്കുന്നത് പ്രതീക്ഷയുടെയും പ്രത്യാശയുടേയും പുതുലോകം പണിഞ്ഞു കൊണ്ടാണ്. കഴിഞ്ഞു പോയ വർഷത്തിലെ ഗുണ-ദോഷങ്ങൾ അവലോകനം ചെയ്ത് പുതിയ വർഷത്തേക്കുള്ള ഊർജമായി മാറ്റുകയാണ് നാം ചെയ്യാറുള്ളത്. കോവിഡ് മഹാമാരി ആഗോളതലത്തിൽ മനുഷ്യജീവിതങ്ങളെ പിടിച്ചുലച്ച കാലത്തിൽ നിന്നും നാം കരകയറി വരുന്നതേയുള്ളൂ. വീണ്ടും ചില ആശങ്കകൾ ഉയരുന്നുമുണ്ട്. എന്നാലും ലോകമാകെ അതിജീവനത്തിന്റെ പാതയിലാണ്.

തൊഴിൽ മേഖലകൾ കലുഷിതമാക്കി, പൊതുമേഖലയെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതി പുത്തൻ സാമ്പത്തിക നയങ്ങൾ മുമ്പെന്നത്തേക്കാളും മാരക ഭാവം പ്രകടമാക്കുകയാണ്. ബാങ്ക് ലയനങ്ങളും, സ്വകാര്യവത്ക്കരണ പ്രക്രിയയും നിർബാധം അരങ്ങേറുകയാണ്. ശക്തമായ ബഹുജന മുന്നേറ്റം ഉണ്ടാകാൻ ഇനിയും വൈകിയാൽ ഭാവിയിൽ പൊതുമേഖല ബാങ്കുകൾ എന്നത് ചരിത്രത്തിലെ ഒരു പഠന വിഷയം മാത്രമായി അവശേഷിക്കും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും സ്ഥിതിഗതികൾ വ്യത്യസ്തമല്ല. തൊഴിലാളി വിരുദ്ധ നടപടികൾ വർദ്ധിച്ചു വരുന്നു. ഉപഭോക്താക്കളെയും ജീവനക്കാരെയും നിരന്തരം ബുദ്ധിമുട്ടിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ കൂടിക്കൂടി വരുന്നു. ഏറ്റവുമൊടുവിൽ 1200-ൽ അധികം ജീവനക്കാരെ MPSF എന്ന ആശയത്തിന്റെ പേരിൽ ഇടപാടവകാശം മരവിപ്പിച്ച് ജീവനക്കാരുടെയും ഉപഭോക്താക്കളുടെയും ക്ഷമയെ പരീക്ഷിക്കുന്നു. പ്രതിഷേധത്തിന്റെ അലയൊലികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരള സർക്കിളിൽ മുഴങ്ങിക്കേൾക്കുന്നു. കൂടുതൽ രൂക്ഷമായ പ്രതിഷേധങ്ങളിലേക്ക് കടക്കാൻ നാം നിർബന്ധിതരാക്കപ്പെടുന്ന ദശാസന്ധിയിലാണ് ഈ പുതുവർഷം കടന്നു വരുന്നത്. മാനേജ്മെന്റിന്റെ ഏത് തെറ്റായ തീരുമാനവും തിരുത്തിക്കാൻ പ്രാപ്തമായ ഒരു തൊഴിലാളി സംഘടന എന്ന നിലയിൽ നാം ഒറ്റക്കെട്ടായി ഇതിനെയും നേരിടും.

ഈ പുതുവർഷത്തിൽ നമ്മുടെ ചരിത്രത്തിൽ തന്നെ രേഖപ്പെടുത്തുന്ന മുന്നേറ്റം കാണാൻ പറ്റും. ജാതി-മത-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ ഭേദമന്യേ ഒരൊറ്റ മനസ്സോടെ പോരാടുന്ന നമുക്കതിന് സാധിക്കും. ഒരു ഏകാധിപത്യ പ്രവണതയും ഏറെ നാൾ നിലനിന്ന ചരിത്രമില്ല.

ഈ പ്രയാസകരമായ സമയത്തും നാം കൈകൾ ചേർത്ത് ഒറ്റക്കെട്ടായി പൊരുതുകയും നല്ലൊരു നാളേക്കായി വിജയം കൈവരിക്കുകയും വേണം.

പോയ വർഷത്തിലാണ് നമ്മുടെ സംഘടനയുടെ ചിരകാലസ്വപ്നമായ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണമാരംഭിച്ചത്. നമ്മുടെ അംഗങ്ങളുടെ എല്ലാ അർത്ഥത്തിലുമുള്ള പിന്തുണ ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണെന്ന കാര്യം ഈ പുതുവത്സരത്തിൽ ഓർമ്മിപ്പിക്കുന്നു.

ജീവിതത്തിലെ പഴയ കാര്യങ്ങളും ആശങ്കകളും ഉപേക്ഷിച്ച് പ്രതീക്ഷയുടെ പുതിയ ഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണ്.

മുഴുവൻ സഖാക്കളുടെയും സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്ന, ജീവിതത്തിൽ ഏറ്റവും മനോഹരമായ വഴിത്തിരിവുകൾ ഉണ്ടാകുന്ന ഒരു പുതുവർഷം എല്ലാവർക്കും ആശംസിക്കുന്നു.

Philip

(ഫിലിപ്പ് കോശി)
ജനറൽ സെക്രട്ടറി